**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **07-02-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജുതല ജനകീയ സമിതികളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വേണ്ടി വില്ലേജുതല ജനകീയ സമിതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന്; വ്യക്തമാക്കാമോ; | (എ) | 13/01/2022-ലെ സ.ഉ.(സാധാ)നം.209/2022/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്തല ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വില്ലേജുതല ജനകീയ സമിതികളുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | 1. വില്ലേജ് ഓഫീസർ (കൺവീനർ)<br><br>2. വില്ലേജ് പരിധിയിൽ വരുന്ന നിയമാസഭാംഗം അദ്ധ്യക്ഷത വഹിക്കും<br><br>3. നിയമസഭാംഗത്തിന്റെ അഭാവത്തിൽ വില്ലേജ് പരിധിയിൽ വരുന്ന കേർപ്പറേഷൻ മേയർ/ മുനിസിപ്പൽ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കും<br><br>4. മേൽ പറഞ്ഞവരുടെ അഭാവത്തിൽ വില്ലേജ് ഓഫീസ് ഉൾപ്പെട്ടു വരുന്ന പ്രദേശത്തെ യഥാക്രമം ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് മെമ്പർ അദ്ധ്യക്ഷത വഹിക്കും<br><br>5. വില്ലേജിന്റെ ചാർജ്ജ് ഓഫീസർ ആയ ഡെപ്യൂട്ടി തഹസിൽദാർ<br><br>6. നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ<br><br>7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം<br><br>8. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട RRഡെപ്യൂട്ടി കളക്ടർമാർ നോഡൽ ഓഫീസർ ആയിട്ടുള്ള വില്ലേജ്തല ജനകീയ സമിതിയുടെ യോഗം എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്ക് എല്ലാ വില്ലേജുകളിലും ചേരുന്നതും മുൻകൂട്ടി നിശ്ചയിച്ച് നൽകുന്ന അജണ്ടയിലെ വിഷയങ്ങളിന്മേൽ ചർച്ചകൾ നടത്തി വരുന്നതുമാണ്. |
| (സി) | ഡിജിറ്റൽ റീസർവേ ഉടങ്ങിയ വിവിധ പ്രവർത്തനങ്ങളിൽ വില്ലേജുതല ജനകീയ സമിതികൾക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന്; വ്യക്തമാക്കാമോ; | (സി) | 18/11/2022, 20/01/2023 എന്നീ തീയതികളിൽ ചേർന്ന വില്ലേജ്തല ജനകീയ സമിതി യോഗങ്ങളിൽ ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച വിഷയം അജണ്ടയായി ഉൾപ്പെടുത്തിയിരുന്നതും ആയതിന്മേൽ ചർച്ചകൾ നടത്തിയിട്ടുള്ളതുമാണ്. സർവ്വെ നടക്കുന്ന വില്ലേജുകളിൽ ആയതു പ്രയോജനകരമായിരുന്നതായാണ് വിലയിരുത്തിയിട്ടുള്ളത്. |
| (ഡി) | ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വില്ലേജുതല സമിതികൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രകൃതി ക്ഷോഭങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതൽ സംബന്ധിച്ചും ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കാൻ സജ്ജമാക്കേണ്ട കെട്ടിടങ്ങളുടെ ലഭ്യതയും ക്രമീകരണങ്ങൾ സംബന്ധിച്ചും ചർച്ചകൾ നടത്തിയിട്ടുള്ളതും തീരുമാനങ്ങൾ എടുത്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ